ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ

36 (1944) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗ്രാമവികസന വകുപ്പിൽ ഇപ്പോൾ എത്ര ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാരുടെ തസ്തികകൾ ഒഴിവുണ്ട് ;

(ബി) ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 21 തസ്തികകൾ.

(ബി) കഴിവതും പെട്ടെന്ന് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തൊഴിലുറപ്പ് പദ്ധതി

37 (1945) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചശേഷം ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് ഓരോ സാമ്പത്തികവർഷവും ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കാൻ അംഗീകരിച്ച വിവിധ വർക്കുകളുടെ പേര് വിവരങ്ങളും എസ്റ്റിമേറ്റുകളും ലഭ്യമാക്കാമോ ;

(ബി) ഇപ്രകാരമുള്ള ഓരോ വർക്കിനും ഇതുവരെ അനുവദിച്ച തുകകൾ എത്രവീതമെന്ന് അറിയിക്കുമോ ;

(സി) ഇവയിൽ പൂർത്തിയായ വർക്കുകൾ എത്ര ; പണി ആരംഭിച്ച വർക്കുകൾ എത്ര ; പണി തുടങ്ങാത്ത വർക്കുകൾ ഏതൊക്കെ ; വിശദീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധത്തിലെ* കോളം 'ബി'യിൽ ഓരോ സാമ്പത്തികവർഷവും ഇ. എ. എസ്. പദ്ധതിയിൻ കീഴിൽ നടപ്പിലാക്കാനംഗീകരിച്ച വർക്കുകളുടെ പേരുവിവരങ്ങളും, കോളം 'സി'യിൽ എസ്റ്റിമേറ്റ് തുകയും കോളം 'ഇ'യിൽ ഓരോ വർക്കിനും അനുവദിച്ച തുകയും രേഖപ്പെടുത്തിയിട്ടുണ്ട്.

(സി)

വർഷം	പണി ആരംഭിച്ച വർക്കുകളുടെ എണ്ണം	പൂർത്തിയായ വർക്കുകളുടെ എണ്ണം.
1996-97	25	22
1997-98	12	8
1998-99	26	-
ആകെ	63	30

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly